ഉത്തരം

(എ) — (ഡി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ യോഗ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന കേസുകളാണ് ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടും സി. ആർ. പി. സി. 321-ന് വിധേയമായും പിൻവലിക്കാൻ സർക്കാർ അനുമതി നൽകാറുള്ളത്. അപേക്ഷകരുടെ രാഷ്ട്രീയ പാർട്ടികളിലെ അംഗത്വവും, പാർട്ടിബന്ധവും പരിഗണിച്ചല്ല കേസുകൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകാറുള്ളത്.

പാറ്റൂർ സെന്റ് തോമസ് ചർച്ചിൽ നടന്ന തീപിടുത്തം

33 [101] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പാറ്റൂർ സെന്റ് തോമസ് ചർച്ചിൽ നടന്ന തീപിടുത്തം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഈ സംഭവത്തിൽ മതമൗലികവാദികളോ തീവ്രവാദികളോ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ആരാധനാലയങ്ങളുടെ പവിത്രതയും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ഇതുമായി ബന്ധപ്പെട്ട് വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 266/04 ആയി 427, 447, 436 ഐ. പി. സി. വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പേട്ട സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് 5-10-2004-ാം തീയതി ക്രൈംബ്രാഞ്ചിലേക്കായി പ്രസ്തുത കേസ് റീ നമ്പർ ചെയ്ത് ക്രൈം 409/സി. ആർ./04 ആയി ക്രൈംബ്രാഞ്ചിൽ അന്വേഷണം തുടർന്ന് വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) അന്വേഷണത്തിൽ മതമൗലികവാദികളോ തീവ്രവാദികളോ ഉൾപ്പെട്ടിട്ടുള്ളതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല.

(എഫ്) ആരാധനാലയങ്ങളുടെ സമീപമുള്ള പൊതു റോഡുകളിലും മറ്റും പോലീസ് നിരന്തരമായി പട്രോളിംഗ് ഏർപ്പെടുത്തിയും സംശയം ഉള്ളവരെ കണ്ടെത്തിയാൽ അത്തരക്കാരെ ആവശ്യമെന്ന് കണ്ടാൽ കസ്റ്റഡിയിൽ എടുത്ത് നിയമം അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഒളവണ്ണയിൽ കന്യാസ്ത്രീകൾക്കെതിരെ നടന്ന അക്രമം

34 [102] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സമൂഹത്തിൽപ്പെട്ട കന്യാസ്ത്രീകൾക്കെതിരെ നടന്ന അക്രമം സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പ് അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കേസ് അന്വേഷണം നടത്തിവരുന്നത് ആരാണെന്നും അന്വേഷണം പൂർത്തിയായോ എന്നും വെളിപ്പെടുത്താമോ;

(സി) പൂർത്തിയായെങ്കിൽ ചാർജ്ഷീറ്റ് നൽകിക്കഴിഞ്ഞുവോ; എങ്കിൽ പ്രതികൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ എത്ര പ്രതികളെ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരുടെ പേരുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ക്രൈം നമ്പർ 410/സി. ആർ./ എസ്. III/ 04 യു/ എസ്. 143, 147, 148, 153 (എ), 307, 354, ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരവും ക്രൈം നമ്പർ 411/ സി. ആർ/ എസ് III/ 04 യു/ എസ്. 143, 147, 148, 153 (എ), 307, 354, 427 ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരവും ക്രൈം നമ്പർ 412/ സി. ആർ/ എസ് III/ 04 യു/ എസ്. 341, 353, 506 (1) ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്രൈം നമ്പർ 410/സി. ആർ./ എസ്. III/ 04 സി. ബി. സി. ഐ. ഡി. ഡി. വൈ. എസ്. പി., ശ്രീ. വി. കെ. ജോസും, ക്രൈം നമ്പർ 411 സി. ആർ./ എസ്. III/ 04 ഉം 412 സി. ആർ./ എസ്. III/ 04 ഉം അന്വേഷിക്കുന്നത് സി. ബി. സി. ഐ. ഡി., ഡി. വൈ. എസ്. പി., പി. ശങ്കരനാരായണനുമാണ്.

GPM. 2/543/2012.—13

LIBRARY ARCHIVES Kerala Legislative Assembly